**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2126** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിൽ ഭവനരഹിതർക്ക് വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ എത്ര വീടുകൾ ഭവനരഹിതർക്ക് നിർമ്മിച്ചു നൽകിയെന്ന് വെളിപ്പെടുത്തുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 28 വീടുകളും പട്ടികവർഗ്ഗ വികസന വകുപ്പ് ആദിവാസി പുനരധിവാസ മിഷൻ മുഖേന 10 പേർക്കും വീട് നിർമ്മിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ ഫേസ് I (പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം) ൽ ഉൾപ്പെടുത്തി 152 പട്ടികവർഗ്ഗ വിഭാഗക്കാർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ലൈഫ് മിഷന്റെ ഭാഗമായിട്ടാണോ ഇവയുടെ നിർമ്മാണം നടത്തിയതെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരമാണ് 28 വീടുകൾ അനുവദിച്ചിട്ടുള്ളത്. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ ഫേസ് I (പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം) ൽ ഉൾപ്പെടുത്തിയാണ് 152 വീടുകൾ പൂർത്തിയാക്കിയത്. |
| (സി) | പ്രസ്തുത കാലയളവിൽ വകുപ്പിൽ നിന്നും ഭവന നിർമ്മാണത്തിനായി എത്ര രൂപ ആകെ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (സി) | പട്ടികജാതി വികസന വകുപ്പ് ഭവന നിർമ്മാണ പദ്ധതി പ്രകാരം മേൽ കാലയളവിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ 88,95,000/- രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 3,01,64,768/- രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ